**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5388** **12-08-2021 - ൽ മറുപടിയ്ക്ക്**

**മസ്ദൂർ തസ്തികയിലേയ്ക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽ നിന്ന് മസ്ദൂർ തസ്തികയിലേയ്ക്കുള്ള അന്തിമ സീനിയോരിറ്റി പട്ടികയിൽ (കാറ്റഗറി നം. 63/2017) ഉൾപ്പെട്ടവരുടെ നിയമന വിശദാംശങ്ങൾ നൽകുമോ; | (എ) | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ പെറ്റി കോൺട്രാക്ടേഴ്സ്/ കോൺട്രാക്ട് ലൈൻ വർക്കേഴ്സ് ആയി 1200 പ്രവർത്തിദിവസം പൂർത്തീകരിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 2004-ലെ വിധിയെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവരിൽ അർഹത നിർണ്ണയ പരീക്ഷ നടത്തി സാമുദായിക സംവരാണാടിസ്ഥാനത്തിൽ മുൻഗണന ക്രമീകരിച്ച് തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും (കാറ്റഗറി നമ്പർ 63/2017) നിയമന ശിപാർശ ചെയ്ത 1486 പെറ്റി കോൺട്രാക്ട് വർക്കേഴ്സിന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിയമന ഉത്തരവ് നൽകുകയും ആയതിൽ 1455 പേർ ജോലിയ്ക്ക് ഹാജരാകുകയും ചെയ്തു. അപ്രകാരം ഉണ്ടായ 31 എൻ.ജെ.ഡി ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും ആയതിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ എല്ലാ പേർക്കും കെ.എസ്.ഇ.ബി.ലിമിറ്റഡ് ഇതിനകം നിയമന ഉത്തരവ് നൽകുകയും അവർ ജോലിയ്ക്ക് ഹാജരായിട്ടുള്ളതുമാണ്. ഇപ്രകാരം നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗം പേരേയും ഒഴിവുകൾ ഇല്ലാത്തതിനാൽ സൂപ്പർ ന്യൂമററി ആയിട്ടാണ് മസ്ദൂർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതി വിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കൂടി കണക്കിലെടുത്ത് സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിച്ചത്. പ്രസ്തുത നിയമന തീയതിക്കു ശേഷം ഇറങ്ങിയ പ്രമോഷൻ ഉത്തരവുകൾ വഴി ഉണ്ടായ മസ്ദൂർ തസ്തികയിലെ |

| | | | |
|---|---|---|---|
| | | | ഒഴിവുകളിൽ ടി ലിസ്റ്റിലെ ഭൂരിഭാഗം പേരേയും ഉൾക്കൊണ്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മസ്ദൂർ തസ്തികയിലെ അനുവദനീയമായ എണ്ണം 5311 ആണെങ്കിലും നിലവിൽ 5444 പേർ മസ്ദൂർ തസ്തികയിൽ ജോലി നോക്കി വരുന്നു. 133 ജീവനക്കാർ അനുവദനീയമായ എണ്ണത്തേക്കാൾ അധികമായി ജോലിയിൽ തുടരുകയാണ്. |
| (ബി) | ഇരുപത് വർഷത്തിലേറെയായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഇവർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ അവശേഷിക്കുന്നവരുടെ നിയമനം സംബന്ധിച്ച വിഷയത്തിൽ ഉചിതതലത്തിൽ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ